# Weekly Devotion - April 2017

# Faith that deposes fear

## (ഭയത്തെ കീഴ്പ്പെടുത്തുന്ന വിശ്വാസം)




ഒരു പുതുവർഷത്തിലേക്ക് പ്രവേശിക്കുവാൻ അവസരം കൃപയാൽ ലഭിച്ച നാം ഓരോ ദിവസവും കഴിയുമ്പോഴും പലവിധത്തിലുള്ള ഭയത്തിന് അടിമകൾ ആകുന്നു. ചിലർ ഭയത്തെ വിശ്വാസത്താൽ അതിജീവിക്കുവാൻ ശ്രമിക്കുമ്പോഴും ചുറ്റുപാടുമുള്ള ചില കനത്തശബ്ദങ്ങൾ അവരെ ഭയപ്പെടുത്തുവാൻ ശ്രമിക്കുന്നു. അഞ്ചു വയസ്സുകാരൻ മകൻ അപ്പനോട് തൊട്ടേ പിടിച്ചേ എന്ന് പറഞ്ഞ് ഓടുമ്പോൾ അപ്പന്റെ കനത്ത കാലടിശബ്ദം അവനുകേൾക്കാം. എന്നാൽ അപ്പൻ കരം നീട്ടി തന്നെ പിടിക്കുമെന്ന് അറിഞ്ഞാലും അവന് പേടിയില്ല, കാരണം അപ്പന്റെ സ്നേഹം അവനറിയുന്നുണ്ട് ആ തണൽ അവൻ ആഗ്രഹിക്കുന്നതും ആണ്.

ഭയവും സ്നേഹവും ഒന്നിച്ച് സ്ഥിതിചെയ്യുന്നില്ല. എന്നാൽ ദൈവഭയവും, ദൈവസ്നേഹവും ഒന്നിച്ച് സ്ഥിതിചെയ്യുക തന്നെവേണം. ഉറച്ച വിശ്വാസമുള്ളിടത്ത് ഭയത്തിന് ഒരു സ്ഥാനവുമില്ല. സ്നേഹത്തിന് ഭയമില്ല ഭയത്തിന് ദണ്ഡനം ഉള്ളതിനാൽ തികഞ്ഞസ്നേഹം ഭയത്തെ പുറത്താക്കുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. Read 1 യോഹ (4:18) സ്നേഹവും വിശ്വാസമുള്ള നാം അവനോട് ചേർന്ന് നിന്നാൽ നമ്മുടെ ഭയം മാറുന്നു എന്ന് 91-ാം സങ്കീർത്തനം വ്യക്തമാക്കുന്നു. **അത്യുന്നതന്റെ മറവിൽ വസിച്ചാൽ സർവ്വശക്തന്റെ നിഴലിൽ പാർക്കാം**. അപ്രകാരമുള്ളവർക്ക് ലഭിക്കുന്ന ഏഴ് കാവലുകളും ഏഴ് അനുഗ്രങ്ങളും എന്തെല്ലാമെന്ന് നമുക്ക് ചിന്തിയ്ക്കാം.

**(7 കാവലുകൾ) സങ്കീ :(91:3-10)**

ആദ്യരണ്ട് കാവലുകൾ ലഭിക്കുന്നത് സാത്താൻ ഒരുക്കുന്ന കെണികളിൽ നിന്നാണ്. ചതിച്ച് പിടിക്കുവാൻ ഇരയ്ക്കുവേണ്ടി വയ്ക്കുന്നതാണ് കെണി ഇരയുടെ ജീവനാണ് വേട്ടക്കാരന്റെ ലക്ഷ്യം. പകർച്ചവ്യാധികൾ, ശാരീരിക പീഢകൾ ഇവകൾ പൂർണ്ണമായി നമ്മെ തകർക്കുവാൻ മതിയായവ ആണ് .വെള്ളം നമ്മെ ഒഴുക്കിക്കളയാതെയും നദി നമ്മുടെ പ്രാണനു മീതെ

കവിയാതെയും, വേട്ടക്കാരുടെ കെണിയിൽ നിന്ന് പക്ഷി എന്ന പോലെ കെണി പൊട്ടി നാം വഴുതിപ്പോന്നതും നമ്മുടെ സഹായകനായ യഹോവയുടെ നാമത്താലാണ്.

Read സങ്കീ :(124:4-8)

ഇന്ന് പലവിധത്തിലുള്ള കെണികൾ നാം അനുഭവിക്കുന്നു. ഇവയെല്ലാം ദുഷ്ക്കാല കെണികളാണ്

Read സഭാപ്രസംഗി (9:12)

തുടർന്ന് **കാവൽ** ലഭ്യമാകു**ന്ന നാല് സമയങ്ങൾ** എടുത്ത് കാണിക്കുന്നു. രാത്രി, ഇരുട്ട് എന്ന് രണ്ട് പ്രാവശ്യം പറയുന്നത് ഇരുട്ടിന്റെ അഥവാ രാത്രിയുടെ ഭയാനകതയെ കാണിക്കുന്നു. Terror at night - മോഷണം, കൊലപാതകം ഇവ നടക്കുന്നതുപോലെ തന്നെ പലരോഗങ്ങളും തലപൊക്കുന്നതും  രാത്രിയിലാണ്. ഇരുട്ടിന്റെ മറവിൽ എവിടെ തൊട്ടാൽ നാം തകരുമെന്ന് സാത്താനറിയാം. God is bigger than all the terrors നമുക്കു തന്നെ ഒരു വിധത്തിലും നമ്മെ രക്ഷിപ്പാൻ കഴിയുകയില്ല. യേശുവിന്റെ രക്തം നമ്മെ സുരക്ഷിതത്വത്തിൽ നിർത്തുന്നു എന്ന് വിശ്വസിച്ച് അത് ഉറക്കെ ആവർത്തിക്കുക. പിന്നെ സാത്താൻ അടുക്കുകയില്ല. നമുക്ക് യിസ്രാ യേലാകാം അത് എന്താണെന്നോ ? മിസ്രേമ്യരുടെ (ശത്രുവിന്റെ) വീട്ടിൽ ഇരുട്ട് ബാധിച്ചപ്പോൾ യിസ്രായേല്യർക്ക് (ദൈവമക്കൾക്ക്) വെളിച്ചമായി യഹോവ കൂടെയുണ്ടായിരുന്നു. ഈ രണ്ട് സമയത്തെ കാവൽ നെഗറ്റീവ് ചിന്തകളിൽ നിന്നും നമ്മെ രക്ഷിക്കുകയും ചെയ്യുന്നു.

അടുത്തതായി കാവൽ ലഭിക്കുന്ന മറ്റ് രണ്ട് സമയങ്ങൾ (പകൽ, ഉച്ച നേരങ്ങളിലേത്) നാം എപ്രകാരം ശ്രദ്ധയോടെ ആയിരിക്കണമെന്നാണ് സാത്താന്റെ തീയമ്പുകളെ കെടുത്തുവാൻ തക്ക വിശ്വാസം എന്ന പരിച നമ്മുടെ  കൈവശം ഉണ്ടായിരിക്കണം. വിശ്വാസമെന്ന പരിച നമ്മുടെ കൈകളിലായിരിക്കണം അല്ലാതെ നമ്മുടെ മുൻപേ പോകുന്നവന്റെ കരങ്ങളിലേൽപ്പിക്കരുത്.

ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ചില സമയങ്ങളിൽ വേദനിപ്പിക്കുന്ന സംഭവങ്ങളെ കൊണ്ടുവരുവാൻ ശ്രമിക്കുന്നതും സാത്താന്റെ തന്ത്രമാണ്. ഉച്ചെയ്ക്ക് സശിപ്പിക്കുന്ന സംഹാരകനെ തോല്പിപ്പാനും നമുക്ക് യിസ്രായേലാകാം. ആ കട്ടളക്കാലിൽ കുറുമ്പടിയിന്മേൽ, നീ യാത്രചെയ്യുന്ന വാഹനത്തിൽ, വഴിയിൽ, സകല വിഷയങ്ങളുടെ മേലും രക്തം അടയാളമായിരിക്കണം. രക്തം കാണുമ്പോൾ സംഹാരകൻ ഒഴിഞ്ഞു മാറുകയും ചെയ്യും.

ഏഴാമതായി നമ്മുടെ കൂടാരത്തെ തകർക്കുവാൻ  സാത്താനയയ്ക്കുന്ന ചില ആപത്തനർത്ഥങ്ങളിൽ നിന്നുള്ള രക്ഷയാണ്. കൂടാരമാകുന്ന ജീവിതപടകിനെ തകർത്ത് കുടുംബാംഗങ്ങളെ നശിപ്പിക്കുവാനയക്കുന്ന കാറ്റിനെ യേശു തന്റെ വാക്കാൽ അടക്കി പ്രതികൂലക്കടലിനെ ശാന്തമാക്കുന്നു. അത്യുന്നതന്റെ 7 കാവലുകൾ ലഭ്യമാകുന്നവർക്ക് ലഭിക്കുന്നതാണ്  7 അനുഗ്രഹങ്ങളും .

**7 അനുഗ്രഹങ്ങൾ (സങ്കീ 91:14:15)**

1. എല്ലാ പ്രതികുലങ്ങളിൽ നിന്നും വിടുവിച്ചനുഗ്രഹിക്കുന്നു.
2. യഹോവയുടെ നാമം അറിയുന്നവർക്ക് ഉയർച്ച ലഭിക്കുന്നു.
3. *നമ്മുടെ ചോദ്യങ്ങൾക്കുത്തരം നൽകി അനുഗ്രഹിക്കുന്നു.*
4. *കഷ്ടകാലത്തു കൂടെയിരിന്നനുഗ്രഹിക്കുന്നു.*
5. *നമ്മെ നിന്ദിച്ചവർ നമ്മെ വന്ദിപ്പാൻ ഇടയാക്കുന്നു.*
6. *തൃപ്തിയുള്ള ദീർഘായുസ്സ് ലഭ്യമാക്കുന്നു.*

7. ദൈവീകരക്ഷയുടെ അപാരതകാണുവാനുള്ള ഭാഗ്യം ലഭിക്കുന്നു.

കർത്താവിൽ പ്രിയരേ! സാഹചര്യങ്ങളെ നോക്കി ഭയപ്പെടാതെ യാമങ്ങൾ തോറും പ്രാർത്ഥിച്ച് അത്യുന്നതനോട് ചേർന്ന് നിന്ന് അനുഗ്രഹം പ്രാപിയ്ക്കുക.

## പ്രാർത്ഥന

കരുണാപൂർണ്ണനായ ദൈവമേ, അങ്ങയുടെ മറവിൽ വസിച്ച്, നിഴലിൽ പാർക്കുന്ന ഭാഗ്യാവസ്ഥ യിലാക്കുവാൻ കൃപ തരേണമേ. ദേശത്തിനു വേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ. രക്തം ഞങ്ങൾക്കായി ചൊരിഞ്ഞ യേശുവിൻ നാമത്തിൽ തന്നെ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind